**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **226** | **07.12.2018** -ലെ മറുപടി

## കുടിവെള്ള സ്രോതസ്സുകൾ മാലിന്യവിമുക്തമാക്കാൻ നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ മന്ത്രി) |
| (എ) പ്രളയത്തെത്തുടർന്ന് മലിനമായ കുടിവെള്ള സ്രോതസ്സുകൾ മാലിന്യവിമുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ; | എ) പ്രളയത്തെത്തുടർന്ന് ജലസ്രോതസ്സുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത ശേഷം മലിന ജലം പമ്പ് ചെയ്ത് മാറ്റി സൂപ്പർ ക്ലോറിനേഷൻ നടത്തിയാണ് ജല വിതരണം പുനഃസ്ഥാപിച്ചത്. കുഴൽ കിണറുകൾ സ്രോതസ്സായ പദ്ധതികളിലും ചെളിയും മണ്ണും നീക്കി ശുദ്ധീകരിച്ച് അണു വിമുക്തമാക്കിയതിനു ശേഷമാണ് പമ്പിംഗ് പുനരാരംഭിച്ചത്. വിതരണം ചെയ്ത ജലം ടർബിഡിറ്റി (കലക്കൽ), പി.എച്ച് തുടങ്ങിയ ഗുണനിലവാര ഘടകങ്ങളെല്ലാം അനുവദനീയമായ പരിധിക്കുള്ളിൽ നിലനിർത്തി ക്ലോറിൻ/ബ്ലീച്ചിങ് പൗഡർ എന്നിവ ഉപയോഗിച്ച് അണുവിമുക്തമാക്കിയ ശേഷം ലാബിൽ പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പ വരുത്തിയാണ് വിതരണം ചെയ്തത് . |
| (ബി) പ്രളയത്തെത്തുടർന്ന് തടസ്സപ്പെട്ട കുടിവെള്ള വിതരണം പൂർണ്ണമായി പുനഃസ്ഥാപിക്കാൻ സാധിച്ചുവോ; വ്യക്തമാക്കുമോ; | ബി) 2018 ഓഗസ്റ്റ് 15 മുതൽ സംസ്ഥാനത്തുണ്ടായ പ്രളയം മറ്റു മേഖലകളെ എന്ന പോലെ കുടിവെള്ള വിതരണ സംവിധാനങ്ങളെയും തകർക്കുകയുണ്ടായി. കനത്ത മഴയും പ്രളയവും കാരണം വാട്ടർ അതോറിറ്റിയുടെ പല പമ്പ് ഹൗസുകളും വെള്ളത്തിൽ മുങ്ങുകയും, ചെളി കയറുകയും പൈപ്പ് ലൈനുകൾക്ക് സ്ഥാന ചലനവും കേടുപാടുകളും സംഭവിക്കുകയും ചിലയിടങ്ങളിൽ പൈപ്പ് ലൈനുകൾ ഒലിച്ചു പോകുകയും ചെയ്തു. ജലവിതരണ പദ്ധതികൾ ഏറ്റവും പ്രതിസന്ധിയിലായത് 18.08.2018 ലാണ്. മൊത്തം 1081 പദ്ധതികളിൽ 483 പദ്ധതികളാണ് വിവിധ കാരണങ്ങളാൽ പ്രവർത്തന രഹിതമായത്. എന്നാൽ ഇവയിൽ പലതും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് . പ്രളയം ഏറ്റവും രൂക്ഷമായി ബാധിച്ചത് 372 പദ്ധതികളെയാണ് . ഇവയിൽ 50% വും രണ്ട ദിവസം കൊണ്ട് പ്രവർത്തന ക്ഷമമാക്കുവാൻ കഴിഞ്ഞു. പ്രളയത്തെ തുടർന്ന് ചെളിയിലും വെള്ളത്തിലും മുങ്ങിപ്പോയ പമ്പ് ഹൗസുകളിൽ ആദ്യപടിയായി വെള്ളം പുറത്തേക്ക് പമ്പ് ചെയ്ത കളയാനും ചെളിയും മാലിന്യങ്ങളും നീക്കാനുമാണ് ശ്രദ്ധ പതിപ്പിച്ചത്. പൂർണ്ണമായും മുങ്ങിപ്പോയ പമ്പ് സെറ്റുകളും ട്രാൻസ്ഫോർമറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും അഴിച്ചെടുത്ത് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ഉണക്കിയെടുത്ത് പ്രവർത്തന സജ്ജമാക്കുവാനും പൈപ്പ് ലൈനുകൾക്ക് സംഭവിച്ച സ്ഥാന ചലനവും അത് കാരണമുണ്ടായ ലീക്കുകളും പ്രളയ ജലം ഇറങ്ങിയതിനുസരിച്ച് സമയ ബന്ധിതമായി പരിഹരിച്ച് ഭൂരിഭാഗം സ്ഥലങ്ങളിലും ജലവിതരണം രണ്ടാഴ്ചക്കുള്ളിൽ പ്രളയ പൂർവ്വസ്ഥിതിയിലേക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രളയ |

പൂർവ്വാവസ്ഥയിലെത്താൻ കാല താമസം നേരിട്ട കുട്ടനാട്, പാണ്ടനാട് ചെങ്ങന്നൂർ, മേഖലകളിൽ കുടിവെള്ള വിതരണം പൂർവ്വസ്ഥിതി യിലെത്തിക്കുവാൻ കാലതാമസം നേരിട്ടുവെങ്കിലും പ്രളയത്തെ തുടർന്ന് തടസ്സമുണ്ടായ കുടിവെള്ള വിതരണം ഇപ്പോൾ പൂർണ്ണമായും പുനഃസ്ഥാപിച്ചിട്ടുണ്ട് . ഇനിയും കുടിവെള്ള വിതരണം പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുവാൻ സാധിക്കാത്ത പദ്ധതികൾ താഴെ പ്രതിപാദിക്കുന്നു.

1. പാലക്കാട് ജില്ലയിലെ കരിമ്പുഴ പഞ്ചായത്ത് കുടിവെള്ള പദ്ധതിയിൽ പൈപ്പ് ലൈൻ പാലം ഒലിച്ച് പോയതിനാൽ ജലവിതരണം തടസ്സപ്പെട്ട 1200-ഓളം കണക്ഷനുകളിലേക്കു ജല വിതരണം പുനഃസ്ഥാപിക്കു വാനുള്ള പ്രവർത്തികളുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രവൃത്തി ഉടൻ പൂർത്തികരിക്കുന്നതാണ് .

2. കോഴിക്കോട് ജില്ലയിലെ കാരാട്ടും പാറ കണ്ടപ്പൻ ചാൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയും പുനഃസ്ഥാപിച്ചിട്ടില്ല .

3.വയനാട് ജില്ലയിലെ അഞ്ചുകുന്ന്-കുപ്പത്തോട് പദ്ധതി പ്രവർത്തനക്ഷമമാക്കുവാനുണ്ട് .

ജല വിതരണം അടിയന്തിരമായി പുനഃസ്ഥാപിക്കുക എന്ന ലക്ഷ്യത്തിന് ഊന്നൽ നൽകികൊണ്ടുള്ള താൽക്കാലിക പരിഹാര മാർഗ്ഗങ്ങൾ ആണ് മിക്ക പ്രളയ ബാധിത പദ്ധതികളിലും കുടിവെള്ള വിതരണ പുനഃസ്ഥാപനത്തിന് അനുവർത്തിച്ചത്. അതുകൊണ്ട് തന്നെ പ്രളയപൂർവ്വ സ്ഥിതിയിലേക്ക് കുടിവെള്ള വിതരണം പുനഃസ്ഥാപിച്ച സ്ഥലങ്ങളിൽ പോലും സ്ഥിരം സംവിധാനങ്ങൾ സമയ ബന്ധിതമായി ഏർപ്പെടുത്തേണ്ടതുണ്ട് .

| | |
|---|---|
| (സി) കുടിവെള്ള ദൗർലഭ്യം ഏറ്റവും കൂടുതൽ നേരിടുന്ന കുട്ടനാട് മേഖലയിലെ കുടിവെള്ള പ്രശ്നത്തിന് എപ്രകാരം പരിഹാരം കാണുന്നതിനാണ് ഉദ്ദേശിക്കുന്നത് ;വിശദാംശങ്ങൾ നൽകുമോ? | സി) കുട്ടനാട് മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി ഇപ്പോൾ പ്രതിദിനം 14 ദശലക്ഷം ലിറ്റർ (MLD) ശേഷിയുള്ള ജലശുദ്ധീകരണശാല നീരേറ്റുപുറത്ത് പ്രവർത്തിച്ചു വരുന്നു . ഇതു കൂടാതെ 26 ട്യൂബ് വെൽ പദ്ധതികളും നിലവിൽ ഉണ്ട് . ഇക്കഴിഞ്ഞ പ്രളയത്തിൽ 9 റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് ജലവിതരണം നടത്തി വരുന്നു. ഇതിനു പുറമേ പുതുതായി 13 എണ്ണം സ്ഥാപിക്കുന്ന നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. വരും ദിവസങ്ങളിൽ ഈ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകളും പ്രവർത്തനക്ഷമമാവുന്നതാണ്. വിവിധ അംഗനവാടികളിലേയ്ക്ക് 70 കമ്മ്യൂണിറ്റി ഫിൽറ്ററുകൾ വിതരണം ചെയ്തു. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു സംഘടന കുട്ടനാട്ടിലെ വിവിധ കുടുംബങ്ങൾക്ക് 1000 ഫിൽറ്ററുകൾ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി ലഭിച്ച 200 ഫിൽറ്ററുകളുടെ വിതരണം പുരോഗമിച്ചു വരുന്നു .<br><br>കുട്ടനാട് പ്രദേശത്തെ കുടിവെള്ള വിതരണം ഉറപ്പാക്കുവാനായി നിലവിലെ ജലവിതരണം വിപുലപ്പെടുത്തുന്നതിലേക്കായി 13-ാം ധനകാര്യ കമ്മീഷനിൽപ്പെടുത്തി 70 കോടി രൂപയുടെ ഒരു പദ്ധതി ആദ്യ ഘട്ടമായി പ്രളയത്തിന് മുൻപ് ആരംഭിച്ചത് പുരോഗമിച്ചു വരുന്നു. 4.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ഉന്നതതല സംഭരണിയും രണ്ട് പ്രധാന ട്രാൻസ്മിഷൻ ലൈനുകളും ഏതാനും വിതരണ ശൃംഖലയുമാണ് ഈ പദ്ധതിയിൽ ഉൾപെടുത്തിയിരിക്കുന്നത്. ഇതു കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തി 2017 -18 ബജറ്റിൽ പ്രഖ്യാപിച്ച 241 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട് . പ്രസ്തുത |

പദ്ധതിയിൽ 30 MLD ശുദ്ധീകരണശാലയും കുട്ടനാട് നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട 13 പഞ്ചായത്തുകളിൽ (തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം) ഉന്നതതല സംഭരണികളും 39 കിലോമീറ്റർ പ്രധാന ട്രാൻസ്മിഷൻ ലൈനുകളും 895 കിലോമീറ്റർ വിതരണ ശൃംഖലയും സ്ഥാപിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ഏകദേശം 3 വർഷം കാലയളവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഇക്കാലയളവിൽ കുട്ടനാട് മേഖലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾക്കും സംവിധാനങ്ങൾക്കും പുറമേ ഇടക്കാല സംവിധാനമായി 9 കോടി രൂപ ചെലവിൽ MPLAD പദ്ധതിയിൽപ്പെടുത്തി ആവശ്യമായ സ്ഥലങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് (ആർ.ഒ) പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ഈ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലങ്ങൾ പഞ്ചായത്തുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. ഇതിനു പുറമേ വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ച 50 -ൽ അധികം RO പ്ലാന്റുകളുടെ അറ്റകുറ്റപണികൾ നടത്തി പ്രവർത്തന ക്ഷമമാക്കുന്നതിന് ജില്ലാ ഭരണകൂടം മുൻകൈ എടുത്തിട്ടുണ്ട് .

Renuka Sankar
സെക്ഷൻ ഓഫീസർ